പുതുപ്പള്ളി അങ്ങാടിയിലെ പമ്പ് ഹൗസിന്റെ പണി

503. [684] ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുപ്പള്ളി അങ്ങാടിയിൽ പണിയുവാൻ ഉദ്ദേശിക്കുന്ന പമ്പ് ഹൗസിന്റെ പണി ആരംഭിക്കുവാനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പമ്പ് ഹൗസിന്റെ പണി എത്രയും വേഗം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി) പുതുപ്പള്ളി അങ്ങാടിയിലുള്ള ജലവിതരണ പദ്ധതിയുടെ പമ്പ് ഹൗസിന്റെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ ജല അതോറിറ്റി കൈക്കൊള്ളുന്നുണ്ട്.

കരിയാരം പമ്പ്ഹൗസ് പുതുക്കി പണിയുവാൻ നടപടി

504. [685] ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുപ്പള്ളി പഞ്ചായത്തിലെ പരിയാരം വാട്ടർ സപ്ലൈ സ്കീമിന്റെ പമ്പ്ഹൗസ് തകർന്നു വീണതിനെ തുടർന്നു പുതുക്കി പണിയുവാനുള്ള നടപടികൾ എന്തായി എന്നു വ്യക്തമാക്കാമോ ;

(ബി) എത്രയും വേഗം പമ്പു ഹൗസിന്റെ പണി പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പരിയാരം വാട്ടർ സപ്ലൈ സ്കീമിന്റെ പമ്പു ഹൗസ് പുതുക്കിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

(ബി) എത്രയും വേഗം പണി പൂർത്തീകരിക്കുന്നതാണ്.

കുട്ടനാട് വാട്ടർ സപ്ലൈ സ്കീം

505. [686] ഡോക്ടർ കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് വാട്ടർ സപ്ലൈ സ്കീം ഇപ്പോൾ സ്തംഭനാവസ്ഥയിലാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സ്തംഭനാവസ്ഥ നീക്കുവാനും പണി ത്വരിതപ്പെടുത്തുന്നതിനും ഈ വർഷം പ്രത്യേകമായ തുക നീക്കി വയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല. ട്രാൻസ്മിഷൻ മെയിനിന്റെ പണി പൂർത്തിയായിക്കഴിഞ്ഞിരിക്കുകയാണ്.

(ബി) കിട്ടിയ നിവേദനം പരിഗണനയിലാണ്.

വെള്ളൂർ വാട്ടർ സപ്ലൈ സ്കീം

506. [688] ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാമ്പാടി പഞ്ചായത്തിലെ വെള്ളൂർ വാട്ടർ സപ്ലൈ സ്കീമിന്റെ പണി എല്ലാം പൂർത്തിയായി എങ്കിലും ഇതുവരെ കമ്മിഷൻ ചെയ്തിട്ടില്ല എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എത്രയും വേഗം ഈ സ്കീം കമ്മിഷൻ ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കമ്മിഷൻ ചെയ്യുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

നടുവട്ടം വാട്ടർ സപ്ലൈ സ്കീം

507. [689] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര പഞ്ചായത്തിലെ മാറാട് ഭാഗത്തെ ശുദ്ധജല ക്ഷാമം പരിഹരിക്കാനുതകുന്ന നടുവട്ടം വാട്ടർ സപ്ലൈ സ്കീം വികസിപ്പിക്കുന്നതിനു നടപടി സ്വീകരിക്കുമോ ?

ഉത്തരം

പരിശോധിക്കാം.

പള്ളിക്കൽതോട് പഞ്ചായത്തിലെ സ്കീമുകൾക്ക് കൂടുതൽ വെള്ളം ലഭിക്കുന്നതിനുള്ള സാദ്ധ്യത

508. [690] ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളിക്കൽതോട് പഞ്ചായത്തിലെ നിലവിലുള്ള സ്കീമുകൾക്ക് കൂടുതൽ വെള്ളം ലഭിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഈ പ്രദേശത്തെ ജനങ്ങൾക്ക് വേനൽക്കാലത്തും ശുദ്ധജലം നൽകുവാൻ സാധിക്കത്തക്കവിധത്തിൽ ഈ പഞ്ചായത്തിലെ പദ്ധതികൾ ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly